<u>ഉത്തരം</u>

(എ) ഉണ്ട്. കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ്.കൾ വഴി നടപ്പിലാക്കുന്ന മൈക്രോക്രെഡിറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ സ്ത്രീ/ശാക്തീകരണവും ഉൾപ്പെടുന്നു. ഈ പദ്ധതിപ്രകാരം ഒരു കുടുംബശ്രീ സി.ഡി.എസ്-ന് 1 കോടി രൂപ വരെ 2.50 മുതൽ 3.50 ശതമാനം പലിശ നിരക്കിൽ ലഭിക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് 5 ലക്ഷം രൂപ വരെയും ഒരു അംഗത്തിന് 50,000 രൂപവരെയും വായ്പ അനുവദിക്കാനാവും. 36 മാസമാണ് തിരിച്ചടവ് കാലാവധി. സി.ഡി.എസ്. മായി കോർപ്പറേഷൻ ഏർപ്പെടുന്ന വായ്പാ കരാറിന്റെയും വായ്പ അനുവദിക്കപ്പെടുന്ന അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളുമായി ഏർപ്പെടുന്ന ഇന്റർ-സെ കരാറിന്റെയും അടിസ്ഥാനത്തിൽ യാതൊരു ജാമ്യരേഖകളും കൂടാതെയാണ് വായ്പ അനുവദിക്കുന്നത്.

(ബി) പാലക്കാട് ജില്ലയിൽ 9 സി.ഡി.എസ്.കൾക്ക് 374.26 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിൽ 10 സി.ഡി.എസ്.കൾക്ക് 307.84 ലക്ഷം രൂപയും മലപ്പുറം ജില്ലയിൽ 2 സി.ഡി.എസ്.-കൾക്ക് 83.25 ലക്ഷം രൂപയും കോഴിക്കോട് 10 സി.ഡി.എസ്.-കൾക്ക് 290.60 ലക്ഷം രൂപയും ഇടുക്കി ജില്ലയിൽ 4 സി.ഡി.എസ്.-കൾക്ക് 105 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങൾ**

57 (825) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രാബല്യത്തിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ പേരുവിവരം നൽകാമോ ;

(ബി) കഴിഞ്ഞ പത്തുവർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ ;

(സി) സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ പരിഷ്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് റഫറൻസ് ആവശ്യത്തിനുവേണ്ടി പ്രസിദ്ധീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ സംബന്ധിച്ച്, 2001-ൽ പ്രസിദ്ധീകരിച്ച List of Enactments applicable to Kerala എന്ന പുസ്തകമാണ് അവസാനമായി നിയമവകുപ്പ് പ്രസിദ്ധീകരിച്ചത്. ആയതിനുശേഷം 1-1-2016 വരെ പ്രാബല്യത്തിലുള്ള നിയമങ്ങളെ സംബന്ധിച്ചുള്ള പട്ടിക അച്ചടിച്ച് ബുക്ക് ഫോമിൽ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകിയിരിക്കുകയാണ്. അച്ചടിജോലി പുരോഗമിച്ചു വരുന്നതായാണ് പ്രസ്സ് അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. ആയത് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ വിവരം ലഭ്യമാക്കുന്നതാണ്. കഴിഞ്ഞ പത്തുവർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളെ സംബന്ധിച്ച വിവരം താഴെപ്പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

1. 2014-ലെ കേരള പ്രിസണുകളും-മലബാർ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ്; (9 of 2010) വഴി 1894-ലെ പ്രിസൺസ് ആക്റ്റ് (സെൻട്രൽ ആക്റ്റ് IX of 1894)- മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ ട്രാവൻകൂർ പ്രിസൺസ് ആക്റ്റ് (XVIII of 1950) റദ്ദാക്കപ്പെടുകയും ചെയ്തു.

2. 2011-ലെ കേരള പോലീസ് ആക്റ്റ് (8 of 2011) വഴി കേരള പോലീസ് ആക്റ്റ് 1960 (5 of 1961) റദ്ദാക്കപ്പെട്ടു.

3. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്) പ്രകാരം 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്റ്റ് മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ തിരുവിതാംകൂർ-കൊച്ചി ഫിഷറീസ് ആക്റ്റ് (1050-ലെ 34) റദ്ദാക്കപ്പെടുകയും ചെയ്തു.

4. 2014-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് (2014-ലെ 1) വഴി 2008 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2008-ലെ 19) റദ്ദാക്കപ്പെട്ടു. സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ, പരിഷ്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും നോഡൽ വകുപ്പിന്റെ 8-9-2015 തീയതിയിലെ സർക്കുലർ നമ്പർ.1 9995/നോഡൽ 2/2013/നിയമം പ്രകാരം റഫറൻസ് ആവശ്യത്തിനുവേണ്ടി അതത് ലെജിസ്ലേഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ നിയമവകുപ്പിന്റെ അംഗീകൃത വെബ്സൈറ്റ് ആയ www.lawsect.org-ൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തുവരുന്നു.

**സഹോദരൻ അയ്യപ്പൻ സ്മാരകം**

58 (826) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ഭരണസമിതി അംഗങ്ങളെ നിശ്ചയിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly